(എഫ്) ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഇൻവോയിസിൽ അളവും വിലയും രേഖപ്പെടുത്താറുണ്ട്.

(ജി) പ്രസക്തമല്ല.

120 (264) ബ്രഹ്മപുരം ഡീസൽ പ്ലാന്റിലെ ഡീസലിന്റെ ഉപഭോഗം

ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ ആവശ്യത്തിലേക്ക് 1997-98-ൽ വാങ്ങിയതും അവിടെ ഉപയോഗിച്ചതുമായ ഡീസലിന്റെ അളവിൽ വളരെ വ്യത്യാസം ഉള്ളതായി ഇന്റേണൽ ആഡിറ്റ് പാർട്ടി കണ്ടുപിടിച്ചുവോ;

(ബി) ഇക്കാര്യത്തിലുള്ള ഇന്റേണൽ ആഡിറ്റ് പാർട്ടിയുടെ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിന്മേൽ എന്തു നടപടിയെടുത്തു;

(ഡി) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്;

(ഇ) ഇന്റേണൽ ആഡിറ്റ് പാർട്ടിയുടെ ഇതു സംബന്ധിച്ച റിപ്പോർട്ട് തള്ളുകയും മറ്റൊരു ആഡിറ്റ് നടത്തുകയുമുണ്ടായോ;

(എഫ്) എങ്കിൽ പ്രസ്തുത ആഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദീകരിക്കുമോ;

(ജി) രണ്ടാമതു നടത്തിയ ആഡിറ്റനുസരിച്ച് അവിടത്തെ ആവശ്യത്തിന് എത്തിയതും ഉപയോഗിച്ചതുമായ ഡീസലിന്റെ അളവിലെ വ്യത്യാസമെത്ര;

(എച്ച്) ബ്രഹ്മപുരം ഡീസൽ പ്ലാന്റിനുവേണ്ടി ഡീസൽ വാങ്ങിയതിന്റേയും അതിന്റെ ഉപയോഗത്തെയുംപറ്റി ബോർഡിന്റെ വിജിലൻസ് വിഭാഗം 1998-ൽ അന്വേഷിച്ചുവോ;

(ഐ) എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; പ്രസ്തുത അന്വേഷണം പൂർത്തിയാക്കിയോ;

(ജെ) അവരുടെ ഇക്കാര്യത്തിലുള്ള നിഗമനം എന്തായിരുന്നു;

(കെ) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയാക്കാത്ത പക്ഷം അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആഡിറ്റ് സ്റ്റാഫ് ആഡിറ്റ് നടത്തിയപ്പോൾ വാങ്ങിയ ഡീസലിന്റെ അളവിലും ഉപയോഗത്തിലും വ്യത്യാസം ഉണ്ടെന്ന് ധരിച്ച് ഒരു ആഡിറ്റ് റിപ്പോർട്ട് നൽകി. അതിന്റെ വിശദാംശം പരിശോധിച്ചപ്പോൾ ആഡിറ്റർക്ക് തെറ്റുപറ്റി എന്നു മനസ്സിലാക്കി. ഓഡിറ്റർ ഡീസൽ അക്കൗണ്ടിൽ കാണിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന വിലയെ അളവായി എടുത്ത് കണക്ക് കൂട്ടിയതിനാൽ പിശക് വരുകയാണുണ്ടായത്.

(സി)(ഡി)&(ഇ) വൈദ്യുതി ബോർഡ് ചെയർമാന്റെ നിർദ്ദേശ പ്രകാരം സമഗ്രമായ അന്വേഷണത്തിനുവേണ്ടി ഒരു ഓഡിറ്റ് ടീമിനെ നിയോഗിച്ചു.

(എഫ്)മുൻ ഓഡിറ്റുദ്യോഗസ്ഥൻ ഡീസൽ അക്കൗണ്ടിലെ വിലയെ അളവായി കണക്കുകൂടിയതുമൂലമാണ് തെറ്റായ ഒരു ഓഡിറ്റ് റിപ്പോർട്ട് നൽകുവാൻ ഇടയായത് എന്ന് കണ്ടെത്തി.

(ജി) അളവിൽ വ്യത്യാസമില്ല.

(എച്ച്) ഇല്ല.

(ഐ) പ്രസക്തമല്ല.

(ജെ)&(കെ) പ്രസക്തമല്ല.

121 (265) ലോവർ പെരിയാർ കേസ്

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ പെരിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ചാർജ്ജ് ചെയ്ത കോടതിയ്ക്ക് എഫ്.ഐ.ആർ. നൽകിയ കേസിലെ ആരോപണങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ കേസിലെ പ്രതിയായിട്ടുള്ളത് ഏത് കമ്പനിയാണ്;

(സി) ഈ കേസ് കോടതിയിൽ ഫയൽ ചെയ്തശേഷം ഈ കമ്പനിയ്ക്കു ഏതെല്ലാം കരാറുകൾ നൽകിയിട്ടുണ്ട്;

(ഡി) ഈ കരാറുകൾ എത്രകോടി രൂപയുടേതാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) വിജിലൻസ് കേസിൽ പ്രതിയായ കമ്പനിയ്ക്കു ഇപ്രകാരം പിന്നെയും കരാറുകൾ നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത കേസിലെ ഒന്നും രണ്ടും പ്രതികളായ ശ്രീ. മാത്യു റോയി, മുൻ മെമ്പർ, കെ.എസ്.ഇ.ബി., ശ്രീ. കെ.ജി. രാജശേഖരൻ നായർ മുൻ അക്കൗണ്ട്സ് മെമ്പർ, കെ.എസ്.ഇ.ബി. എന്നിവർ മൂന്നാം പ്രതിയായ കനേഡിയൻ കമ്പനിയുമായി ചേർന്ന് കുറ്റകരമായ ഗൂഢാലോചന നടത്തുകയും ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയും പ്രസ്തുത കമ്പനിയ്ക്ക് 13,13,456 അമേരിക്കൻ ഡോളർ അനധികൃതലാഭം ഉണ്ടാക്കുകയും അതിൻപ്രകാരം അത്രയും തുകയുടെ നഷ്ടം സംസ്ഥാന വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly